**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ : 4903** **27.10.2016** ൽ മറുപടിയ്ക്ക്

**"ഭൂമി ഗീതം" പദ്ധതി**

**ചോദ്യം**

**ശ്രീ.കെ.സുരേഷ് കുറുപ്പ്**
**ശ്രീ.കെ.വി.വിജയദാസ്**
**ശ്രീമതി.വീണാ ജോർജ്ജ്**
**ശ്രീ.സി. കെ.ശശീന്ദ്രൻ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മുൻസർക്കാരിന്റെ കാലത്ത് 2015-ൽ 'ഭൂമി ഗീതം" പദ്ധതിയുമായി ബന്ധപ്പെട്ട് ചില ജില്ലകളിൽ ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി വില നിശ്ചയിച്ച് കരാർ ഉറപ്പിച്ചിരുന്നതായും എന്നാൽ കരാർ പ്രകാരം സ്ഥലം നൽകിയ ഭൂരിഭാഗം പേർക്കും പണം ലഭിക്കാത്തതായും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | 'ഭൂമിഗീതം' പരിപാടിയിലൂടെ സമാഹരിച്ച തുക ഉപയോഗിച്ച് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഭൂവുടമകളുമായി കരാറുകൾ ഉണ്ടാക്കിയിട്ടില്ല. |
| (ബി) | 2014-15, 2015-16 വർഷങ്ങളിലെ ബജറ്റുകളിൽ ഈ ഇനത്തിൽ അനുവദിച്ച തുക പകുതിപോലും ചെലവാക്കാനാകാതെ ലാപ്സായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | 2014-15, 2015-16 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി തുക അനുവദിച്ചിരുന്നില്ല. |
| (സി) | എന്നിട്ടും പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി നൽകിയവർക്ക് പണം കൊടുക്കാൻ മുൻ സർക്കാരിന് കഴിയാതിരുന്നത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ഭൂമി വിലയ്ക്ക് വാങ്ങുകയോ ആരിൽ നിന്നും ഏറ്റെടുക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. |
| (ഡി) | ഇപ്രകാരമുള്ള എല്ലാ ഭൂവുടമകൾക്കും പണം നൽകി ഭൂമി ഏറ്റെടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ? | ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് ആരുമായും കരാർ ഉണ്ടാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ